# അതിരപ്പിള്ളി സത്യാഗ്രഹം

# ഒരുവർഷം പിന്നിടുമ്പോൾ

കേരളീയം വാർത്താശൃംഖല




*അരുന്ധതി റോയ് അതിരപ്പിള്ളി സന്ദർശിച്ചപ്പോൾ*

2008 ഫെബ്രുവരി 25ന് അതിരപ്പിള്ളി ആക്ഷൻ കൗൺസിലിന്റെയും ചാലക്കുടി റിവർ പ്രൊട്ടക്ഷൻ ഫോറത്തിന്റേയും നേതൃത്വത്തിൽ ആരംഭിച്ച അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കെതിരേയുള്ള സമരം ഒരുവർഷം പൂർത്തിയാവുകയാണ്. പദ്ധതിയുടെ നിർദേശം വന്നനാൾ മുതൽ പലതരത്തിൽ നടന്നുവന്ന സമര പ്രവർത്തനങ്ങൾ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കെതിരെ പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിലും പദ്ധതിയുടെ പൊള്ളത്തരങ്ങൾ സമൂഹ മനസാക്ഷിയ്ക്കു മുന്നിലും അധികാരികൾക്ക് മുന്നിലും തുറന്നുകാട്ടുന്നതിലും വിജയിച്ചു. പക്ഷെ ജനകീയ സമരത്തെ വകവയ്ക്കാതെ സാമ്പത്തിക താത്പര്യങ്ങൾ മാത്രം കണക്കിലെടുത്ത് പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള ഗൂഢാലോചനകൾ ഭരണപക്ഷത്തും കെ.എസ്.ഇ.ബി.യിലുംഇപ്പോഴും നടക്കുന്നുണ്ട്. എന്നാലും നിരവധി സാങ്കേതിക പ്രശ്നങ്ങൾ കണക്കിലെടുക്കുമ്പോൾ പദ്ധതി നടപ്പിൽ വരാനുള്ള സാധ്യത ഏറെ അകലെയാണെന്നാണ് കാണാൻ കഴിയുന്നത്.

2001ലും 2005ലും രണ്ടുതവണ പദ്ധതിക്ക് ലഭിച്ച അനുമതി ഹൈക്കോടതി റദ്ദാക്കിയിരുന്നു. ഹൈക്കോടതി ഉത്തരവുപ്രകാരം നടന്ന രണ്ട് പൊതുതെളിവെടുപ്പുകളും പദ്ധതിയ്ക്ക് എതിരായിരുന്നു. എന്നാൽ ഈ വസ്തുതകൾ മറച്ചുവച്ചാണ് വീണ്ടും അനുമതിക്കായി അധികൃതർ ശ്രമിക്കുന്നത്. അതുകൂടാതെ പദ്ധതിക്കെതിരെ തദ്ദേശവാസികൾ സമർപ്പിച്ച കേസും ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. എച്ച്.സി.സി, ബെൽ (BHEL) കൺസോർഷ്യത്തിനു അനുവദിച്ച ടെണ്ടറുമായി ബന്ധപ്പെട്ട് എച്ച്.സി.സിയ്ക്ക് അനുകൂലമായി വന്ന വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത കേസും ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. 2001-ൽ 414 കോടി രൂപയ്ക്ക് എച്ച്.സി.സി-ഭെൽ കൺസോർഷ്യവുമായി സർക്കാർ കരാറുറപ്പിച്ചുവെങ്കിലും കരാറിൽ ഒപ്പുവച്ചിട്ടുണ്ടായിരുന്നില്ല. അത് കണക്കിലെടുക്കാതെയാണ് വീണ്ടും ആഗോള ടെണ്ടർ വിളിക്കാൻ ഇപ്പോഴത്തെ സർക്കാർ നീക്കം നടത്തിയതും അതിനെതിരെ എച്ച്.സി.സി ഹൈക്കോടതിയെ സമീപിച്ച് അനുകൂലമായ വിധി നേടിയെടുത്തതും. 2008 മാർച്ച് 31ന് പദ്ധതിയ്ക്ക് ലഭിച്ച സാമ്പത്തിക, സാങ്കേതിക അനുമതിയുടെ കാലാവധി അവസാനിച്ചു. ഇത് വീണ്ടും തേടേണ്ടിവരുന്ന അവസ്ഥ നിലനില്ക്കുന്നു. 2005ൽ സെൻട്രൽ ഇലക്ട്രിക്കൽ അതോറിറ്റി (CEA) 3500 കോടി രൂപയ്ക്കാണ് പദ്ധതിക്കുള്ള സാമ്പത്തിക-സാങ്കേതിക അനുമതി നല്കിയത്. അന്ന് 383 മില്യൺ യൂണിറ്റ് വൈ

ദ്യുതി ഉണ്ടാക്കാമെന്ന കണക്കുകാണി ച്ച് കെ.എസ്.ഇ.ബി, സി.ഇ.എ. (സെൻട്രൻ ഇലക്ട്രിസിറ്റി അതോരിറ്റി) തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. എന്നാൽ 233 മില്യൺ യൂണിറ്റ് വൈദ്യുതി മാത്രമെ ഉണ്ടാക്കാൻ കഴിയുകയുള്ളൂ എന്ന് കണ്ടെത്തിയ CEA അതിനനുസരിച്ചുള്ള തുകയ്ക്കാണ് അനുമതി നല്കിയത്. വീണ്ടും അനുമതി തേടേണ്ട ഇപ്പോഴത്തെ സ്ഥിതി കെ.എസ്.ഇ.ബിയ്ക്ക് ആശ്വാസകരമല്ല. വെള്ളത്തിന്റെ അളവ് കുറഞ്ഞതിനാൽ ഉത്പാദനകുറവ് വരികയും വെള്ളച്ചാട്ടം നിലനിർത്തുന്നതിനും ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനുമൊക്കെയായി ബന്ധപ്പെട്ട് ചിലവ് കൂടുകയും ചെയ്ത സ്ഥിതിയ്ക്ക് 700 കോടിരൂപയിലധികം വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്.

വൈദ്യുതി ബോർഡ് കമ്പനിയാക്കി മാറ്റിയതും വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് ഫലങ്ങളും, ലാവിലിൻ കേസിന്റെ പ്രതിഫലനങ്ങളും പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്ന് ഉറപ്പായിട്ടുണ്ട്. ഇടുക്കി ഡാമിൽ കണക്കുകൂട്ടലുകൾക്കെല്ലാം അതീതമായി ജലനിരപ്പ് താണതും വൈദ്യുതോല്പാദനം കുറഞ്ഞതും വൈദ്യുത പദ്ധതികളെക്കുറിച്ചുള്ള ഒരു പുനർചിന്തയ്ക്ക് വഴിയൊരുക്കിയിട്ടുണ്ട്. പദ്ധതി സാമ്പത്തികമായി ലാഭകരമല്ലെന്നും സാങ്കേതികമായി അസാധ്യമാണെന്നുമുള്ള ധാരണ ജനങ്ങൾക്കിടയിൽ വ്യാപിച്ചിട്ടുണ്ട്. പദ്ധതിവഴി അതിരപ്പിള്ളി-വാഴച്ചാൽ വെള്ളച്ചാട്ടങ്ങൾക്കുണ്ടാകുന്ന നാശം ടൂറിസം മേഖലയെ ബാധിക്കുന്നതിനാൽ തദ്ദേശവാസികൾക്കിടയിലുള്ള എതിർപ്പ് കൂടിവരുന്നുണ്ട്. ചാലക്കുടി പുഴയിൽതന്നെയുള്ള തുമ്പൂർമുഴി റിവർ ഡൈവേർഷൻ സ്കീമിനെ പദ്ധതി സാരമായി ബാധിക്കുന്നതിനാൽ ജലസേചന പദ്ധതികളും കുടിവെള്ള ലഭ്യതയും തകരാറിലാകുമെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. പദ്ധതി മൂലം ജൈവവൈവിധ്യത്തിലുണ്ടാകുന്ന നഷ്ടത്തെക്കുറിച്ചുള്ള കണക്കുകളും എല്ലാവർക്കും ബോധ്യമായതാണ്.

നിയമസഭാ സബ്ജക്ട് കമമിറ്റി 2008-ൽ അരൂർമുഴിയിൽവച്ച് നടത്തിയ പൊതുതെളിവെടുപ്പ് പദ്ധതിയെ അനുകൂലിക്കുന്ന സി.പി.എമ്മുകാർ ജനാധിപത്യ മര്യാദകളെല്ലാം ലംഘിച്ചുകൊണ്ട് തകർക്കാൻ ശ്രമിച്ചിരുന്നു. നിയമസഭാ സബ്ജക്ട് കമ്മിറ്റിയിൽ അംഗമായ സ്ഥലം എം.എൽ.എ മുടന്തൻ ന്യായങ്ങൾ ഉന്നയിച്ചുകൊണ്ടാണ് തെളിവെടുപ്പിൽ നിന്നും വിട്ടുനിന്നത്. അംഗങ്ങളായിരുന്ന സി.പി.എം എം.എൽ.എമാരെല്ലാം തെളിവെടുപ്പിൽനിന്നും വിട്ടുനിന്നുകൊണ്ട് അതിനെ തകർക്കാനുള്ള ശ്രമങ്ങളാണ് നടത്തിയത്. ഇനി നിയമസഭാകമ്മിറ്റിയുടെ റിപ്പോർട്ട് പദ്ധതിയ്ക്ക് അനുകൂലമായാൽത്തന്നെ സി.പി.എമ്മിന്റെ അനാശാസ്യമായ സമ്മർദ്ധഫലമായാണതെന്ന് ജനങ്ങൾ വായിച്ചെടുക്കും.

ഈ വസ്തുതകളുടെയെല്ലാം അടിസ്ഥാനത്തിൽ സമരം വിജയകരമാണെന്നുതന്നെ വിലയിരുത്താവുന്നതാണ്. പരിസ്ഥിതി നിയമങ്ങളുടെയും ജനാധിപത്യ മര്യാദകളുടെയും ധാർമ്മികതയുടെയും അടിസ്ഥാനത്തിൽ പദ്ധതി വീണ്ടും വരില്ലെന്നുതന്നെ കരുതാം.

കേരളത്തിലെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നിർദേശങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് സമരം മറ്റൊരുതലത്തിലേയ്ക്ക് കടന്നിരിയ്ക്കുകയാണ്. ഒപ്പം വികസനത്തിന്റെ ലേബലൊടിക്കുന്ന വിനാശ പദ്ധതികളെ മുൻകൂട്ടി തിരിച്ചറിയാനുള്ള വെളിപാടുകൂടി അത് നല്കുന്നു.

---

*(49-ാം പേജിൽ നിന്നുള്ള തുടർച്ച)*

നെയവൻ അഹങ്കാരിയ്ക്കാതിരിക്കും....ഇതുവരെ ഭേദിയ്ക്കാൻ പറ്റാതെ പോയ എല്ലാ പരിമിതികളേയും മറികടന്നുകൊണ്ട് ഞാൻ അവനെ തേടിപ്പോയതല്ലേ... നോക്കി നോക്കിയിരുന്നാൽ മാത്രം തന്നെ മേഘങ്ങൾക്കിടയിൽനിന്ന് വെളിപ്പെടുത്തി അവൻ തെല്ലൊന്നുമല്ല അഹങ്കരിച്ചത്. ചന്ദ്രൻ മേഘങ്ങൾക്കിടയിൽ ഒളിച്ചു കളിക്കുന്ന സമയമത്രയും താഴെ എല്ലാവരും നാടൻ പാട്ടുകളും നാടകങ്ങളുമായി കളിച്ചു തിമിർക്കുകയായിരുന്നു. സൽസബീൽ ഗ്രീൻ സ്കൂൾ കുട്ടികളായ അഥീനയും, അയിഷയും ജോസഫും പാടുന്ന പാട്ടുകൾക്ക് ഹുസൈനും സൈനബയും തന്നെയായിരുന്നു നേതൃത്വം കൊടുത്തിരുന്നത്.

ജയപ്രകാശിന്റെ നാടൻ പാട്ടുകളും കരീമിന്റെ ഗസലും ഒപ്പം ചുവട് വച്ച് നാടൻ നൃത്തം ചെയ്യുന്ന സീനയും ഷബ്നയും കൂട്ടരും ഹരമായി. സുനിൽ സൂര്യയുടെ സംവിധാനത്തിൽ ചന്ദ്രൻ, ബൈജു, നിരഞ്ജന, ഷബ്ന, ഇല്ല്യാസ് എന്നിവരുടെ നാടകങ്ങളിൽ എല്ലാ ചമ്മലും കളഞ്ഞ് എനിയ്ക്കും അഭിനയിക്കേണ്ടിവന്നു. ഡേവിസ് വളർക്കാവിന്റെ മാജിക്കും കൂടിയായപ്പോൾ പാതിരായ്ക്ക് ചെപ്പാറക്കുന്ന് സജീവമായി. ഈ കൂട്ടായ്മക്ക് കിടപിടിക്കാൻ സാധിക്കാതെ ആകാശത്ത് നക്ഷത്രകൂട്ടങ്ങൾ നാണിച്ച് മേഘങ്ങളിലൊളിച്ചു. പുനർജനി പ്രവർത്തകൻ ബൈജുവും മെഡിക്കൽ കോളേജിലെ പോളും മല്ലിക്കാപ്പി വിതരണം നടത്തുമ്പോൾ കൂട്ടിക്കടിയ്ക്കാൻ അനിലും, ശരത്തും, റോബിനും കൂട്ടരും ചക്കച്ചുള പറിയ്ക്കുകയായിരുന്നു.

കുന്ദംകുളം ചാനൽ പ്രവർത്തകൻ ആദ്യത്തെ നിലാവിന്റെ കൂട്ടായ്മ നടന്ന കലശമലക്കുന്നിനെ ഇപ്പോൾ ഇടിച്ചുനിരത്തുന്നതിന്റെയും അവിടെ നടത്തുന്ന സമരത്തിന്റെയും ദൃശ്യങ്ങൾ ലാപ്ടോപ്പിൽ കാണിച്ചപ്പോൾ അത് കണ്ട് ഹൃദയം നുറുങ്ങുന്ന വേദനയോടെ എല്ലാവരും മനസ്സുകൊണ്ട് ചെപ്പാറകുന്നിനേയും പൂമലയേയും നെഞ്ചോട് ഒതുക്കിചേർന്ന് പിടിച്ചില്ലേ...

രണ്ടു മണിയോടെ കുറെ പേർ കുന്നിറങ്ങിയപ്പോൾ അവർക്ക് നഷ്ടപ്പെട്ടത് ഉടനെ ചെയ്ത് തുടങ്ങിയ മഴയെ അറിയലായിരുന്നു. കോട്ടയത്ത് നിന്ന് വന്ന രേഖാരാജിനെ റെയിൽവെ സ്റ്റേഷനിൽ കൊണ്ടുവിട്ട് പിരിയുമ്പോൾ ഒരു രാത്രികൂട്ടായ്മകൊണ്ട് നേടിയ അനേകം സൗഹൃദങ്ങളുടെ എണ്ണം പിടിയ്ക്കയായിരുന്നു ഞാൻ..

പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (240 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക.
കേരളീയം, കൊക്കാലെ
തൃശൂർ-21.
ഫോൺ : 9446576943, 9446586943,
0487-2421385